മന്ത്രി, ഊർജ്ജ വകുപ്പ് മന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിൽ ജീവനക്കാരുടെ എണ്ണം ക്രമീകരിക്കുന്നതിനായി അധികമുള്ള ജീവനക്കാരെ ഒരു സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയം പിരിഞ്ഞുപോകുന്നതിനായുള്ള ഒരു പദ്ധതി (സോഷ്യൽ സേഫ്റ്റിനെറ്റ് പ്രോഗ്രാം—എസ്. എസ്. എൻ. പി.) സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് നൽകിവരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ 2001-2002 മുതൽ 2004-2005 വരെയുള്ള ലാഭനഷ്ടക്കണക്കുകൾ പരിശോധിച്ചാൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 1350 കോടി രൂപയിൽനിന്നും 1483 കോടി രൂപയിലേക്ക് ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നഷ്ടം 173 കോടി രൂപയിൽനിന്നും 128 കോടി രൂപയായി കുറയ്ക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) അമ്പ്; ഹോം മാറ്റിംഗ് ഇന്ത്യാ ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ്സ്, കേരള ഹൈടെക് ഇൻഡസ്ട്രീസ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് എന്നിവയാണവ.

(ഡി) ഇല്ല.

[15-7-2005-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ]

കരിമണൽ ഖനനം നടക്കുന്ന പ്രദേശങ്ങളും ലഭിക്കുന്ന ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ, ഗാർണറ്റ് എന്നിവയുടെ ഗ്രേഡിംഗും വിനിയോഗവും

107 [1280] *ശ്രീ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം നടക്കുന്ന പ്രദേശങ്ങൾ ഏവ; ഖനനം നടത്തുന്ന ഓരോ പ്രദേശത്തുനിന്നും ഇപ്പോൾ ലഭിക്കുന്ന ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ, ഗാർണറ്റ് എന്നിവ എത്ര ടൺ വീതമാണ്; ഇതിൽ എത്ര ടൺ വീതം ആഭ്യന്തര ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നു; എത്ര ടൺ വീതം കയറ്റുമതി ചെയ്യുന്നു; എന്തു വിലയ്ക്കാണ് ഇവ ഓരോന്നും കയറ്റുമതി ചെയ്യുന്നത് എന്നിവ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരിമണലിനെ ഗ്രേഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഓരോ പ്രദേശത്തും ഉള്ള കരിമണൽ ഏത് ഗ്രേഡിൽ ഉൾപ്പെടുന്നവയെന്ന് വ്യക്തമാക്കുമോ;

(സി) 100 ടൺ കരിമണൽ ഖനനം ചെയ്യുമ്പോൾ എത്ര ടൺ ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, മോണോസൈറ്റ്, സിർക്കോൺ, ഗാർണറ്റ് ലഭിക്കു മെന്നുള്ളതിന്റെ ഗ്രേഡ് തിരിച്ചും പ്രദേശം തിരിച്ചുമുള്ള കണക്കുകൾ നൽകാമോ;

(ഡി) ഗാർണറ്റ് കയറ്റുമതി ചെയ്യുന്നതിന് പകരം സംസ്കരിച്ച് മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യതകൾ പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കടൽ സ്ഥായിയായി കരിമണൽ കരയിലേക്ക് തള്ളിക്കൊണ്ടുവന്ന് പുഷ്ടിപ്പെടുത്തുകയാണെന്നും കരിമണൽ ഖനനം ചെയ്തില്ലെങ്കിൽ അവ ഒഴുകിപ്പോയി ശ്രീലങ്കയിലോ മറ്റോ അടിയും എന്നീ പ്രസ്താവനകളുടെ നിജസ്ഥിതി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ നീണ്ടകര മുതൽ കായംകുളം പൊഴി വരെയുള്ള തീരപ്രദേശത്ത് കരിമണൽ ഖനനം നടക്കുന്നുണ്ട്. 2004-2005 വർഷത്തിൽ ഐ. ആർ. ഇ. 162918 ടണ്ണും കെ. എം. എം. എൽ. 199759 ടണ്ണും കരിമണൽ ഖനനം ചെയ്യുകയുണ്ടായി. ഐ. ആർ. ഇ. 7713 ടൺ സിർക്കോൺ, 4030 ടൺ റൂട്ടൈൽ, 83224 ടൺ ഇൽമനൈറ്റ്, 7158 ടൺ സിലിമനൈറ്റ് എന്നിവ ഉൽപ്പാദിപ്പിച്ചു. കെ. എം. എം. എൽ. 2150 ടൺ സിർക്കോൺ, 4850 ടൺ റൂട്ടൈൽ, 55000 ടൺ ഇൽമനൈറ്റ് എന്നിവയും ഉൽപ്പാദിപ്പിച്ചു. 2004-2005 വർഷം കെ. എം. എം. എൽ. 12001.5 ടൺ ടൈറ്റാനിയം പിഗ്മന്റ് കയറ്റുമതി ചെയ്ത് 99,86,00,000 രൂപ സമ്പാദിച്ചു. ഐ. ആർ. ഇ. 17952 ടൺ ഇൽമനൈറ്റ്, 3689 ടൺ റൂട്ടൈൽ, 7269 ടൺ സിർക്കോൺ, 5904 ടൺ സിലിമനൈറ്റ് എന്നിവ ആഭ്യന്തരമായി ഉപയോഗപ്പെടുത്തി. 27736 ടൺ ഇൽമനൈറ്റും 240 ടൺ സിലിമനൈറ്റും കയറ്റുമതി ചെയ്ത് 10,02,64,329 രൂപ സമ്പാദിച്ചു.

(ബി) കരിമണലിനെ ഗ്രേഡ് ചെയ്തിട്ടുണ്ട്. കരിമണൽ അടങ്ങിയിട്ടുള്ള ധാതു ക്കളുടെ സാന്ദ്രത അനുസരിച്ചാണ് ഈ നിക്ഷേപത്തിനെ തരം തിരിച്ചിട്ടുള്ളത്. ഏതാണ്ട് 50-90% വരെ സാന്ദ്രതയുള്ള നിക്ഷേപം കൊല്ലം ജില്ലയിലെ ചവറ ഭാഗത്ത് കണ്ടുവരുന്നു. ചവറയ്ക്ക് വടക്കും തെക്കും ഭാഗങ്ങളിൽ സാന്ദ്രത കുറഞ്ഞ (6-10%) കരിമണൽ നിക്ഷേപം ആണുള്ളത്. ചവറ

LIBRARY ARCHIVES Kerala Legislative Assembly

ബാരിയർ ബീച്ചിന്റെ കിഴക്കു ഭാഗങ്ങളിൽ 5% വരെയുള്ള നിക്ഷേപം തിട്ടപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തുനിന്നും ലഭ്യമാകുന്ന കരിമണലിൽ അടങ്ങിയിട്ടുള്ള ധാതുക്കളുടെ തോത് വ്യത്യാസത്തിലാണ് കണ്ടുവരുന്നത്.

(സി) അറ്റോമിക് മിനറൽസ് ഡിവിഷൻ പര്യവേക്ഷണം നടത്തി തിട്ടപ്പെടുത്തിയിട്ടുള്ള കരിമണലിന്റെ സാന്ദ്രത കാണിച്ചുകൊണ്ടുള്ള പട്ടിക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. †

(ഡി) ഇപ്പോൾ ഖനനം നടക്കുന്ന പ്രദേശങ്ങളിൽ ഗാർണറ്റ് വളരെ ചെറിയ തോതിലേ ഉള്ളൂ. അത് കയറ്റുമതി ചെയ്യുന്നില്ല. എന്നാൽ കരിമണൽ സംസ്കരിച്ച് ഒരു പരിധി വരെയുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആഭ്യന്തരമായി ഐ. ആർ. ഇ., കെ. എം. എം. എൽ. എന്ന കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളും സി. എം. ആർ. എൽ. എന്ന സ്വകാര്യ കമ്പനിയും ഉൽപ്പാദിപ്പിക്കുന്നുണ്ട്. കരിമണൽ സംസ്കരിച്ച് ഇൽമനൈറ്റ്, റൂട്ടൈൽ, സിലിമനൈറ്റ്, സിർക്കോൺ എന്നീ പദാർത്ഥങ്ങൾ വേർതിരിച്ചെടുത്ത് ഈ വ്യത്യസ്ത പദാർത്ഥങ്ങൾ പലതരത്തിലുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ഈ സാദ്ധ്യതകൾ ഉൾക്കൊണ്ടുകൊണ്ടാണ് കേന്ദ്ര പബ്ലിക് സെക്ടറിൽ മാത്രമല്ലാതെയുള്ള ഇൻവെസ്റ്റ്മെന്റ് രാജ്യത്ത് ടെക്നോളജി വഴിയും പണമായിട്ട് ആകർഷിക്കാൻ 1998-ൽ തുറന്ന പോളിസി കൊണ്ടുവന്നത്. ഈ ചുവടുപിടിച്ചാണ് സംസ്ഥാന സർക്കാർ 2002-ലെ കരിമണൽ പോളിസി പുറപ്പെടുവിച്ചത്. വെൽഡിംഗ് ഇലക്ട്രോഡിനുള്ള കോട്ടിംഗിനായി റൂട്ടൈൽ ഉപയോഗിക്കുന്നു. കൂടാതെ ടൈറ്റാനിയം ഡൈ ഓക്സൈഡ് എന്ന വെളുത്ത പദാർത്ഥം ഇതിൽ നിന്നും കെ. എം. എം. എൽ. ഉണ്ടാക്കുന്നുണ്ട്. ആലുവയിലുള്ള സി. എം. ആർ. എൽ. എന്ന കമ്പനി ഇൽമനൈറ്റിൽ നിന്നും സിന്തറ്റിക് റൂട്ടൈൽ വേർതിരിച്ചെടുക്കുന്നുണ്ട്. ഉന്നത താപശേഷിയുള്ള റിഫ്രാക്ടറി ആയ സിലിമനൈറ്റ് കരിമണലിൽനിന്നും സംസ്കരിച്ചെടുക്കുന്നു. ഫൗണ്ടറി സിറാമിക് വ്യവസായം, റിഫ്രാക്ടറി, സിർക്കോണിയം കെമിക്കലുകൾ, അലോയ് എന്നിവയ്ക്കുതകുന്ന സിർക്കൺ കരിമണലിൽ നിന്നും വേർതിരിക്കുന്നു. കൂടാതെ ആണവ വികിരണശേഷിയുള്ള മോണോസൈറ്റ് വേർതിരിച്ച് സിറിയം ഓക്സൈഡ്, സിറിയം അട്രേറ്റ്, തോറിയം നൈട്രേറ്റ് എന്നിവയും സംസ്കരിച്ചെടുക്കുന്നുണ്ട്.

(ഇ) വേലിയേറ്റ സമയത്ത് ഉൾക്കടലിന്റെ അടിത്തട്ടിലുള്ള കരിമണൽ ഷോർട്ട് വേവ് എനർജിക്കനുസൃതമായി കരയിലേക്ക് അടിഞ്ഞുകൂടുന്നുണ്ട്. ഇത് വാരിയെടുത്ത് ഉപയോഗിക്കാവുന്നതാണ്. വീണ്ടും വീണ്ടുമുള്ള തിരമാലകളാൽ ഈ സ്ഥലങ്ങളിൽ കരിമണൽ നിക്ഷേപിക്കപ്പെടുന്നു എന്നുള്ളതിനാൽ ഇതിനെ തുടർച്ചയായുള്ള വിളവെടുപ്പിനോട് ഉപമിക്കാവുന്നതാണ്. സമുദ്രതീരത്ത് കര വയ്ക്കലും കര എടുക്കലും ഒരു സാധാരണ പ്രതിഭാസമാണ്. ആയതിനാൽ ധാതുമണൽ നിക്ഷേപം കാണപ്പെടുന്ന ഈ തീരപ്രദേശം കടലെടുത്തു പോകാനുള്ള സാധ്യതകൾ തള്ളിക്കളയാവുന്നതല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly